കൂടാതെ 2014-15 സാമ്പത്തിക വർഷത്തിൽ പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് 2 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പദ്ധതി സ്ഥാപിക്കുവാൻ അനെർട്ട് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷൻ, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്ത് എന്നിവരുമായി സഹകരിച്ച് കൊല്ലം ജില്ലയിലെ പടിഞ്ഞാറേ കല്ലടയിൽ 300 ഏക്കറിൽ 50 മെഗാവാട്ടിന്റെ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടി പുരോഗമിച്ചുവരുന്നു.

അനെർട്ടിനെ ശക്തിപ്പെടുത്തുന്നതിന് നടപടി

61 (6512) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗരോർജ്ജം ഉപയോഗിച്ച് ഗാർഹികാവശ്യങ്ങൾക്ക് വൈദ്യുതി ഉല്പാദിപ്പിക്കുന്ന ഏതെല്ലാം പദ്ധതികളാണ് അനെർട്ട് മുഖേന നടപ്പിലാക്കി വരുന്നത് ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുതപദ്ധതികൾവഴി എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതായിട്ടാണ് കണക്കാക്കിയിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ വൈദ്യുതികമ്മി നേരിടുന്നതിന് അനെർട്ടിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൈദ്യുതി ശൃംഖലയുമായി ബന്ധിപ്പിക്കാതെ സ്വതന്ത്രമായി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുത പ്ലാന്റുകളുടെ വ്യാപനം പ്രോത്സാഹിപ്പിക്കുന്നതിനായി അനെർട്ട് 10000 സൗരഗൃഹ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

വീടുകളുടെ മേൽക്കൂരകളിൽ ഒരു കിലോവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ വൈദ്യുത പ്ലാന്റുകൾ കേന്ദ്ര-സംസ്ഥാന സബ്സിഡിയോടെ നടപ്പാക്കുന്നതാണ് ഈ പദ്ധതി.

പ്രസ്തുത പദ്ധതിക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സബ്സിഡിയായി 92,262 രൂപ നൽകുന്നു. ഒരു കിലോവാട്ട് പ്ലാന്റ് സ്ഥാപിക്കുന്നതിന് ഏകദേശം 15 ചതുരശ്രമീറ്റർ വിസ്തീർണ്ണം ആവശ്യമാണ്. കൂടാതെ പ്രസ്തുതസൈറ്റ് നിഴൽപതിക്കാത്ത തുറസ്സായ പ്രദേശവും ആകണം. ഒരു കിലോവാട്ട് പ്ലാന്റിൽനിന്ന് പ്രതിദിനം 3.5-4 യൂണിറ്റ് വൈദ്യുതി ലഭിക്കും. വൈദ്യുതി ഉൽപ്പാദനം പ്രധാനമായും സൂര്യപ്രകാശത്തിന്റെ ലഭ്യത, സ്ഥലത്തെ കാലാവസ്ഥ എന്നിവയെ ആശ്രയിച്ചിരിക്കും. ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ ഊർജ്ജ പ്രതിസന്ധി ഒരു പരിധിവരെ ലഘൂകരിക്കാനാവും.

LIBRARY ARCHIVES Kerala Legislative Assembly

ഈ പദ്ധതിയിലേക്ക് അപേക്ഷിക്കുന്നതിനുള്ള ഫോറവും വിശദാംശങ്ങളും അനെർട്ടിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. പ്രസ്തുത ഫോറം പൂരിപ്പിച്ച് മതിയായ രേഖകളോടൊപ്പം അപേക്ഷിക്കേണ്ടതാണ്. അപേക്ഷകൾ അനെർട്ട് ഹെഡ് ഓഫീസിൽ ലഭിക്കുന്ന മുറയ്ക്ക് രജിസ്ട്രേഷൻ നമ്പർ അനുവദിക്കുന്നതും സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ട തുടർനടപടികൾക്ക് അനുമതി നൽകുന്നതുമാണ്.

(ബി) പ്രസ്തുതപദ്ധതിയിൽ നാളിതുവരെയായി 6400-ഓളം സൗരോർജ്ജ വൈദ്യുത പ്ലാന്റുകൾ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിലൂടെ വികേന്ദ്രീകൃതമായി 6.4 മെഗാവാട്ടിന്റെ സ്ഥാപിതശേഷി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) റൂഫ്ടോപ്പ് ഓഫ്ഗ്രിഡ് സൗരോർജ്ജനിലയങ്ങൾ സബ്സിഡിയോടെ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് നടപ്പാക്കുന്നുണ്ട്. ഇപ്പോൾ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ ഗ്രിഡുമായി ബന്ധിപ്പിച്ച് വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച റെഗുലേഷൻ പ്രസിദ്ധീകരിച്ചുകഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഇത്തരം പ്ലാന്റുകളുടെ വ്യാപനത്തിനായുള്ള പദ്ധതികളും അനെർട്ടിലൂടെ നടപ്പാക്കുന്നത് ആലോചിച്ചുവരുന്നു. കാറ്റിൽനിന്ന് വൈദ്യുതി ഉണ്ടാക്കുന്ന കൂടുതൽ പദ്ധതികൾ നടപ്പാക്കാൻ പവനോർജ്ജ ലഭ്യത സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ അനെർട്ട് നടത്തിവരുന്നു. സോളാർ വാട്ടർ ഹീറ്റർ വ്യാപനത്തിനായി അനെർട്ട് നടപ്പാക്കിവരുന്ന പദ്ധതികൾ മുഖേന വലിയ അളവിൽ വൈദ്യുതിയുടെ ആവശ്യകതയിൽ കുറവ് വരുന്നുണ്ട്. ഈ വിധത്തിലുള്ള പ്രവർത്തനങ്ങൾ ഭാവിയിൽ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കാനായി ഓർഗനൈസേഷൻ റീസ്ട്രക്ചറിംഗ്വഴി അനെർട്ടിനെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

ഗ്രിഡ് ബന്ധിത സൗരോർജ്ജ വികസനം

62 (6513) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രിഡ് ബന്ധിത സൗരോർജ്ജപദ്ധതി വികസനത്തിന് കെഎസ്ഇബി തീരുമാനിച്ചിട്ടുണ്ടോ ; ഇതിനായി ഏതെങ്കിലും സ്ഥാപനവുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) കേരളത്തിൽ എവിടെയെല്ലാമാണ് പ്രസ്തുതപദ്ധതിക്ക് അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുള്ളത് ; പദ്ധതി നടപ്പാക്കുന്നതിന് കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(സി) എത്ര മെഗാവാട്ട് ശേഷിയുള്ള പ്ലാന്റാണ് ഓരോ സ്ഥലത്തും സ്ഥാപിക്കുന്നത് ; എന്നത്തേക്ക് ഉല്പാദനം ആരംഭിക്കുവാൻ കഴിയുമെന്നാണ് കരുതുന്നത് ;

(ഡി) വൈദ്യുതി ഉല്പാദനച്ചെലവ് എത്രരൂപ വരെയാകും എന്നറിയിക്കുമോ ; എത്ര രൂപയ്ക്ക് കമ്പനി വൈദ്യുതി കെ.എസ്.ഇ.ബി.-ക്ക് കൈമാറും ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly